

2025-2026

# ACADEMIC MASTER PLAN

## ST.MATHEW'S L.P.SCHOOL KADANAD

# CLASS-1

# മലയാളം

## ആമുഖം:

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത് എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. സമഗ്ര ഗുണമേൻമ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ:

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ

ഏർപ്പെടാനും കഴിവുള്ളവരാക്കുക.

- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരു സഹായം ഇല്ലാതെ - ലഘുവാക്യങ്ങളിൽ എഴുതി പ്രകാശിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തു
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു; വായിക്കു
- തിയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയം പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടു
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്ര പുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ : പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

## ജൂലൈ : പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ കണ്ടെത്തിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.

## ഓഗസ്റ്റ് : പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ് മലയാളം മധുരം പ്രവർത്തനങ്ങൾ

. ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
. സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
. പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
. അക്ഷരപ്പാട്ടുകൾ, ചിത്ര വായന കാർഡുകൾ എന്നിവ തയ്യാറാക്കി അവതരിപ്പിക്കുന്നു.
. രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
. ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ : പ്രവർത്തനങ്ങൾ

. സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
. സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നു.
. വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
. കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ : പ്രവർത്തനങ്ങൾ

. വായനോത്സവം സംഘടിപ്പിക്കുന്നു.
. ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
. രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## നവംബർ : പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- വായനോത്സവം തുടങ്ങുന്നു.
- രചനോത്സവം തുടങ്ങുന്നു.
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ
- താളാത്മകമായി കവിതകൾ ചൊല്ലൽ

## ഡിസംബർ : പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചന ശേഷി പരിപോഷിപ്പിക്കൽ
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- ലഘു കഥകൾ, കവിതകൾ എഴുതാൻ ശ്രമിക്കുന്നു
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.

## ജനുവരി : പ്രവർത്തനങ്ങൾ

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
- തിയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു.

## ഫെബ്രുവരി : പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയരചനകൾ നടത്തുന്നു.
- കുഞ്ഞെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച് : പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തക രൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന, കൂട്ടവായന, അമ്മവായന, ചങ്ങല വായന സ്വന്തവായന ഇവയ്ക്ക് അവസരം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് - 1

## ഗണിതം

### ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കാൻ ശ്രമിക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്നു തന്നെ ലളിതപ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കഥകളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

### ലക്ഷ്യങ്ങൾ

→ ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.

→ അഞ്ച് വരെയുള്ള എണ്ണത്തെ പറ്റി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ

വിശദീകരിക്കുന്നു.

→ അഞ്ചുവരെയുള്ള സംഖ്യകളുടെ വ്യാഖ്യാനിക്കുന്നു.

→ ഒറ്റക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.

→ ഒമ്പതിൽ താഴെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.

→ സംഖ്യകളെ ആരോഹണ - അവരോഹണ ക്രമത്തിൽ ആക്കുന്നു.

→ രണ്ട് ഒറ്റക്കസംഖ്യകളുടെ സങ്കലനം.

→ രണ്ട് ഒറ്റക്കസംഖ്യകളുടെ വ്യവകലനം.

→ ഒറ്റക്ക സംഖ്യകളുടെ വ്യാഖ്യാനം.

→ 1 മുതൽ 99 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.

→ ഒറ്റക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

→ സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.

→ സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

→ ഗണിത പഠനത്തിന് സഹായകമായ തരത്തിൽ ഗണിതകിറ്റ് തയ്യാറാക്കുന്നു.

→ സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

## ഓഗസ്റ്റ്

→ 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരി-ച്ചറിയുന്നു.

→ കൂടുതൽ കുറവ് തിരിച്ചറിയുന്നു.

→ ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

→ സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.

→ ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയ-കൾ നടത്തൽ.

→ ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയ-കൾ നടത്തൽ.

→ സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

## ഒക്ടോബർ

→ ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.

→ ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ട സംഖ്യ എന്ന് തിരിച്ചറിവ്.

→ വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ.

→ ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

→ ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.

## നവംബർ

- → സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.
- → ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

- → സംഖ്യകൾ ആരോഹണ - അവരോഹണ ക്രമത്തിൽ എഴുതാൻ.
- → ഗണിത ആൽബം തയ്യാറാക്കൽ.

## ജനുവരി

- → ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- → സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- → 1 മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

- → ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- → വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

→ ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.

→ ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.

→ ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.

→ സംഖ്യകളുടെ പകുതി മുഴുവൻ എന്നിവ തിരിച്ചറിയുന്നു.

# Academic Master Plan

## STD I

## English

The goal for the first grader is to handle English fluently. The first graders must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes

→ Respond to simple instructions in the classroom.

→ Describe orally about the pictures and objects.

→ Familiarise with simple words.

→ Enjoy songs and sings them with Rhythm and action.

→ Familiarise the names of birds, animals, their young ones and identifies them from pictures.

June

→ Introduce symbol words.

→ Provides picture cards.

July

→ Identify familiar words.

→ Say familiar words.

→ Read familiar words.

→ Write familiar words.

## August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

## September

- Read and write simple words and simple sentences.
- Provides picture cards and reading cards.

## October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

## November

- Prepare reading cards.
- Provide more opportunities to read, write and speak English.

→ Write five English words daily.

## December

→ Read and understand simple instructions in the classroom.

→ Encourage digital reading.

## January

→ Enjoy songs and sings them with Rhythm and songs of action.

→ Make picture albums.

→ Collect pictures of animals and its young ones.

## February

→ Provide the opportunity to express myself in the classroom.

→ English assembly once in a week.

## March

→ Speaks English fluently.

→ Read and write simple sentences.

→ Picture reading and picture description.

# CLASS -2

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് "ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗസഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു. എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ

കൈവരിക്കാൻ ആകും എന്ന മേഖലയിൽ. എത്തിച്ചേരൽ

- പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ.

## മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തന ലക്ഷ്യം

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

### ജൂൺ

- 1, 2, 3, 4 ....
  1, 3, 5, 7 ....
  2, 4, 6, 8 ....
  10, 20, 30, 40, ....
  5, 10, 15, 20, ..... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.
- ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

### ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ

ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ. (5 + 5 = 10, 10+10 = 20)

## ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ.
- 99 നോട് 1 കൂട്ടിയാൽ 100<br>10 പത്തുകൾ ചേർന്നാൽ 100 ആകും<br>100 ഒന്നുകൾ ചേർന്നതാണ് 100
- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്തിയു-ള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

## സെപ്റ്റംബർ

* ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
* വിലവിവരപട്ടിക തയ്യാറാക്കൽ.
* ക്ലാസിലൊരുകട സ്കൂളിലൊരു കട. ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു.

## ഒക്ടോബർ

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

* സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
* സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉന്നയിക്കൽ)
  5 ... 10 ... 15 ... 20 ... 25
  (5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം).

<u>നവംബർ</u>

* സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
* പ്രായോഗിക പ്രശ്നപരിഹാരത്തിനായി കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ.
* "ക്ലാസിനൊരു" കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ.
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ കൂട്ടി ചേർത്ത് സംഖ്യ രൂപീകരിക്കൽ.
  10 രൂപ + 5 രൂപ = 15 രൂപ
  (നോട്ട്, നാണയം)

<u>ഡിസംബർ</u>

* സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
* സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ)

* രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

## ജനുവരി

* വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ.
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

## ഫെബ്രുവരി

* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ.
* ഉല്ലാസ ഗണിതം വസ്തുക്കൾ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിയിലൂടെ ഉറപ്പാക്കി വിജയം കൈവരിക്കൽ.

## മാർച്ച്

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ
* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്.
* കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ. സംഖ്യകൾ തമ്മിൽ താരതമ്യം ചെയ്യൽ.
* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ കഴിയുക.

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസിലെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികാസങ്ങൾ നൽകികൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

മൂന്നാംഘട്ടം

* പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിലുള്ള കുട്ടികളെയും കണ്ടെത്തുന്നു.

* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും ചിന്തന കുട്ടിക്ക് ലക്ഷ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## ജൂൺ

* ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
* വായനാ സാമഗ്രികൾ നിർമിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

## ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്റ്റ്

* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
* വീട്ടു ലൈബ്രറി ഒരുക്കൽ
* ചിത്ര വിവരണം
* വായന തലത്തിൽ എന്തിന് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാകുന്നു.

സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രീകരിക്കൽ
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
* വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ
* വായിച്ച കഥാഭാഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.
* വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന നിർദ്ദേശം നൽകുന്നു.

നവംബർ

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിത്വ മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)
* ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

ഫെബ്രുവരി

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)
* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർഗ്ഗം

* വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ.
* ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ
* വീട്ടുവായന, കൂട്ടവായന, നാട്ടുവായന, അമ്മവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി സജ്ജമാക്കൽ.

Aim

To speak, Read and write English without any mistakes.

Pretest

To develop listening skills and reading skills first.

Listening skills

Games, Action songs Hello English activities. conversations, skit stories
Use ICT

Speaking skills

Descriptions, growing sentences, picture reading, picture description self introduction
Assembly activities - speech, book review, quiz, riddles, self introduction, school radio etc.

July & August

Reading skills

News paper reading, library books reading, book review, reading breaking news, find words, collect and read past tense, rhyming words, describing words etc textbook activities.

Writing skills.

Make word web, picture description, word chain ~~sten~~ sentence chain, make words and sentences make riddles, conversations Add more lines, develop story, description, notice proclamation, diary, letter, announcement, magazines.

# CLASS III

Class - 3 Malayalam

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും പ്രയോഗിക്കുന്നതിനും | വായനാകാർഡുകൾ നൽകി വായിക്കുന്നതിനും ചെറിയ കഥാസന്ദർഭങ്ങൾ നൽകി കഥ പൂർത്തിയാക്കുന്നതിനും കൂടുതൽ അവസരം നൽകൽ | ജൂൺ-ജൂലൈ | എസ്.ആർ.ജി | ക്ലാസ് പി.ടി.എ, സ്കൂൾ അസംബ്ലി |
| അനുയോജ്യമായ ഭാവം. ഉച്ചാരണം, അർത്ഥം പ്രകടമാകുന്ന ഊന്നലുകൾ എന്നിവയോടെ വായിച്ച് അവതരിപ്പിക്കുന്നതിനും കഴിയും | ബാലസാഹിത്യകൃതികൾ വായിക്കുന്നതിനും പാഠഭാഗങ്ങൾ വായിക്കുന്നതിനും. വ്യത്യസ്ത വ്യവഹാരങ്ങൾ പരിചയപ്പെടുന്നതിനും കൂടുതൽ അവസരം നൽകൽ | ആഗസ്റ്റ് സെപ്തംബർ | ക്ലാസ് ലൈബ്രറി | ക്ലാസ് പി.ടി.എ |
| വ്യത്യസ്ത വായനാസന്ദർഭങ്ങളിലൂടെ സ്വതന്ത്ര വായനക്കുള്ള [illegible] ശീലം അവസരമൊരുക്കൽ | ഭാവാത്മകമായ കേൾവിക്ക് അവസരം ഒരുക്കുക, കഥാ വായന സംവാദം | ഒക്ടോബർ ജനുവരി | എസ്.ആർ.ജി മദർ പി.ടി.എ | സ്കൂൾ അസംബ്ലി |

| | | | | |
|---|---|---|---|---|
| | സംവാദത്തിന്റെ വായന എന്നിവ നടത്താൻ. പോസ്റ്ററുകൾ, കവിതകൾ ഡയറി എന്നിവ എഴുത്തുന്നതിനുള്ള അവസരം | | | |
| വ്യത്യസ്ത വായനാ സന്ദർഭങ്ങളിലൂടെ സ്വതന്ത്ര വായനയും പഠനവും അവസരം ഒരുക്കുന്നു. | സ്വതന്ത്ര വായന സന്ദർഭ പഠന സന്ദർഭം എന്നിവ ഒരുക്കുക വാ സിൽ നിർമ്മാണ ൽ സമയവായന പഠനം എന്നിവ സംഘടിപ്പിക്കുക | ഫെബ്രുവരിയിൽ ച് | ക്ലാസ് പി.ടി.എ | പഠനോത്സവം |

Class 3 EVS

| മാസം | പ്രവർത്തനങ്ങൾ | പിന്തുണ സംവിധാനം |
|---|---|---|
| ജൂൺ | - ചെടികൾ നിരീക്ഷിക്കുന്നു<br>- പ്രകൃതി നടത്തം<br>- വിത്ത് മുളപ്പിക്കൽ<br>- വ്യത്യസ്ത തരം സസ്യങ്ങൾ, പൂക്കൾ എന്നിവ തിരിച്ചറിയുന്നു<br>- പരിസ്ഥിതി ദിനാചരണം<br>- ഹരിതകോശ് നിർമാണം | SRG |
| ജൂലൈ | - വ്യത്യസ്തതരം ജീവികളെ നിരീക്ഷണം, ചിത്രശേഖരണം<br>- മണ്ണ് നിരീക്ഷണം<br>- ജൈവ വൈവിധ്യ ഉദ്യാനം നിർമാണം<br>- ശലഭങ്ങൾ വരുന്ന ചെടികൾ | PTA, SRG |
| വർഷം full | സ്കൂൾ ഗാർഡൻ കൃഷി പ്രവർത്തനങ്ങൾ | SRG, PTA |
| ഓഗസ്റ്റ് | - മഴമാപിനി നിർമാണം<br>- ജല സംരക്ഷണ പോസ്റ്റർ നിർമാണം<br>- കിണർ സന്ദർശനം<br>- മണ്ണ് നിരീക്ഷണം<br>- മണ്ണ് കൊണ്ട് രൂപങ്ങൾ നിർമാണം<br>- മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ<br>- കേരള പടം തയ്യാറാക്കൽ | |

| | | |
|---|---|---|
| Septem | - ശുചിത്വം പോസ്റ്റർ നിർമ്മാണം<br>- സ്കൂൾ ശുചിത്വ ക്ലബ്ബ് ലെവൽ നിർമ്മാണങ്ങൾ<br>- ആരോഗ്യ ബോധവൽക്കരണ സെമിനാർ<br>- Interview - ആരോഗ്യ പ്രവർത്തകർ | SRG, PTA |
| October | - ഫീൽഡ് ട്രിപ്പ്<br>- പഴം/പച്ചക്കറികൾ<br>- Food Festival<br>- ഹെൽത്ത് ആരോഗ്യകാർഡ് - ഓരോ കുട്ടിക്കും<br>- BMI കണ്ടെത്തൽ.<br>- സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>- ശരിയായ ഭക്ഷണശീലം പോസ്റ്റർ | PTA, MPTA<br><br>SRG |
| November | ആരോഗ്യ വിദഗ്ദ്ധരുടെ ക്ലാസ്<br>- രോഗങ്ങൾ - രോഗ നിവാരണം<br>- First aid kit തയ്യാറാക്കൽ<br>- First aid<br>Readers Theatre<br>- ലഘു സർവ്വേ<br>- പത്ര cuttings ഉപയോഗിച്ച് ബോധവൽക്കരണം | PTA |
| Decem | പരീക്ഷണങ്ങൾ നിരീക്ഷണങ്ങൾ പ്രവർത്തനം globe, ICT<br>- ക്വിസ് നിർമ്മാണം<br>- രോഗ പട്ടിക വായിക്കൽ | |

| | | |
|---|---|---|
| | -ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ<br>- ദ്രുത വായന<br>- എന്റെ കേരളം<br>- ചിത്ര വായന കുറിപ്പ്<br>- പോസ്റ്ററുകൾ തയ്യാറാക്കൽ<br>- ഭൂപ്രകൃതി തിരിച്ചറിയൽ | |
| January | ജീവികളുടെ കൂടുകൾ ചിത്ര ശേഖരണം | |
| Feb | -കുട്ടികൾ - വ്യത്യസ്ത വീടുകളുടെ Album.<br>വീട് നിർമാണ ഇടം<br>- സന്ദർശനം | SRG, PTA |
| | -വ്യത്യസ്തമായ തൊഴിലുകൾ<br>- survey<br>- interviews field visit<br>- [illegible] | SRG, |
| March | പഠനോത്സവം | PTA, MPTA<br>SRG, SSK |

# AMP - MATHS-3

| ലക്ഷ്യം | പ്രവർത്തനം | കാലയളവ്. |
|---|---|---|
| ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ ചതുരം, വട്ടം, ത്രികോണം ങ്ങ | ചതുരം വട്ടം, ത്രികോണം എന്നിവ തിരിച്ചറിയൽ<br>തോരണം നിർമ്മാണം<br>തോണി നിർമ്മാണം.<br>വെജിറ്റബിൾ പ്രിന്റിംഗ്.<br>ജ്യാമിതീയ രൂപങ്ങൾ ചേർത്ത് രൂപങ്ങൾ നിർമ്മിക്കുന്നു. | ജൂൺ, ജൂലൈ. |
| * ഗണിത ശിൽപശാല നടത്തൽ | 1 മുതൽ 100 വരെ എഴുതിയ ടോക്കൺ, കളിനോട്ടുകൾ.<br>കമ്പുകെട്ടുകൾ കൊണ്ട് നമ്പർ ക്രമീകരിക്കൽ.<br>അബാക്കസ് നിർമ്മാണം. | ജൂലൈ - ആഗസ്റ്റ്. |

| | | |
|---|---|---|
| | പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം. | - സെപ്തംബർ. |
| അളവുകൾ തിരിച്ചറിയൽ | സ്കെയിൽ നിർമ്മാണം. കുട്ടികളുടെ ഭാരം, വണ്ണം, ഉയരം- തുടങ്ങിയവ അളക്കുന്ന അളന്നു പറയാം. ഒറിഗാമി ശില്പശാല. | . ഒക്ടോബർ. |
| ഗുണന പ്രക്രിയാശേഷി | ഗുണന വസ്തുത കാർഡ് നിർമ്മാണം സംഘമായി ഗണിത പഠനവും. നിർമ്മാണ പ്രവർത്തനങ്ങളും. | നവംബർ - ഡിസം |
| സങ്കലനം 3- അക്ക സംഖ്യ- | 3 അക്ക സംഖ്യകളുടെ | |
| ഗണിതം ലളിതമാക്കൽ. | ടൈടിക് ടേള | ജനുവരി |
| 4 അക്ക സംഖ്യകളുടെ വിശകലനം | 1000 മുതൽ 2000 വരെയുള്ള സംഖ്യകൾ, വായിക്കുക. പറയുക എഴുതുക. | ഫെബ്രുവരി |

| | | |
|---|---|---|
| 9-വരെയുള്ള സംഖ്യകളുമായി ബന്ധപ്പെട്ട ഗണിത വസ്തുതകളെക്കുറിച്ചുള്ള ധാരണ. | ഗണിത ചിന്ത<br>യൂണിറ്റ് തല പ്രവർത്തനങ്ങൾ<br>സംഖ്യാകാർഡുകൾ<br>സംഖ്യാബോധം വളർത്തൽ<br><br>പ്രദർശനം,<br>ക്ലാസ് തലത്തിലും ശിൽപശാല നടത്തിയും കുട്ടികളുടെ ഗണിത ചിന്ത വളർച്ചയ്ക്കു പ്രവർത്തനങ്ങൾ നടത്തുന്നു. | - ഓർമ്മ |

# CLASS IV

| മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| 1. മധുര മലയാളം ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • ഭാഷാപരമായി പിന്നോക്കം നിൽക്കുന്നതായി കണ്ടെത്തുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രി ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | ക്ലാസ് ടീച്ചർ<br>പി.റ്റി.എ | |
| 2. വായിക്കാം വളരാം | • വായനാ കാർഡ്, ചെറുകഥകൾ പത്രം എന്നിവ പ്രയോജനപ്പെടുത്തി ക്ലാസ് വായനക്കൂട്ടം സൃഷ്ടിക്കൽ<br>• ക്ലാസ് ലൈബ്രറി ചിട്ടപ്പെടുത്തൽ പുസ്തക പരിചയം | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>PTA | |
| 3. എഴുതാം തെളിയാം എഴുത്ത് പരിപോഷിപ്പിക്കൽ | • പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ പ്രയോജനപ്പെടുത്തൽ<br>• പാഠഭാഗവുമായി ബന്ധപ്പെട്ട സർഗ്ഗാത്മക പ്രവർത്തനമാണ് കാവ്യാവിഷ്ക്കാരം. നൃത്തം, താളം ഭാവാഭിനയം, ആലാപനം ആഖ്യാനം ഇവ ഉൾപ്പെടുത്തി പാഠഭാഗത്തെ കാവ്യാവിഷ്ക്കാരം നടത്തുക. | വർഷം മുഴുവൻ പാഠഭാഗങ്ങളുടെ ആവശ്യാനുസരണം | HM<br>SRG<br>Class Teacher<br>PTA | PTA |
| 4. അറിവ് ICT -യിലൂടെ | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | വർഷം മുഴുവൻ (ആവശ്യാനുസരണം) | Class Teacher | |
| 5. ഓർക്കാം അഭിമാനിക്കാം സാഹിത്യകാരന്മാർ | ഓർമ്മദിനങ്ങൾ<br>• ഡോക്യുമെന്ററി പ്രദർശനം<br>• പുസ്തക പരിചയം<br>• ക്വിസ്<br>• ജീവിതരേഖ തയ്യാറാക്കൽ<br>• പതിപ്പ് നിർമ്മാണം | വർഷം മുഴുവൻ | HM<br>SRG<br>Class Teacher | PTA |
| 6. സർഗ്ഗോത്സവനം/ കാവ്യോത്സവം ഭാഷാ പഠനത്തിന്റെ ഭാഗമായി ആർജ്ജിച്ച ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | വിവിധ സർഗ്ഗശേഷികളുടെ അവതരണം- വ്യക്തിഗതമായും ഗ്രൂപ്പായും അവതരിപ്പിക്കുന്നു. തയ്യാറാക്കിയ ഉല്പന്നങ്ങളുടെ പ്രദർശനം | ഓരോ ടേമിലും | HM<br>SRG<br>Class Teacher<br>PTA | PTA |

| ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| **1. ഇംഗ്ലീഷ് കോർണർ**<br>കുട്ടികൾക്ക് വായന യോട് താല്പര്യം ജനി പ്പിക്കുക | • കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായന മൂല ക്രമീകരിക്കൽ<br>• വായനാവേള ഒരുക്കുന്നു<br>• എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് അനാ യാസം വായിക്കാൻ വേണ്ടി രണ്ടാഴ്ച യിൽ ഒരിക്കൽ ഇംഗ്ലീഷ് പത്രം- വായ നയ്ക്ക് അവസരം | ജൂൺ<br><br>രണ്ടാഴ്ചയിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് മാഗസിൻ** | • കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി ഇംഗ്ലീഷ് മാഗസിൻ / സ്ട്രോംഗ് ബുക്ക് തയ്യാറാക്കൽ | 3 മാസത്തിൽ ഒരിക്കൽ | HM<br>Class Teacher<br>PTA | PTA |
| **ഇംഗ്ലീഷ് ഫെസ്റ്റ്**<br>ഇംഗ്ലീഷ് നന്നായി പറയു വാനും എഴുതുന്നതിനും കഴിയുന്ന നിലവാര ത്തിൽ എത്തിക്കുക | • വായനാ മത്സരം<br>• രചനാ മത്സരം<br>• മറ്റു സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | വർഷത്തിൽ ഒരു പ്രാവശ്യം | HM<br>SRG<br>Class Teacher<br>PTA | PTA |

| ഗണിതം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| കുട്ടികളെ അറിയാം | • ഗണിതത്തിൽ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രയാസമുള്ള കുട്ടികളെ കണ്ടെത്തുന്നു.<br>• ഓരോരുത്തരും ഏത് മേഖലയിലാണ് പ്രയാസം നേരിടുന്നത് എന്ന് കണ്ടെ ത്തുന്നു<br>• ലഘു നിർദ്ധാരണശേഷിയുള്ള പ്രവർത്ത നങ്ങൾ നൽകുന്നു | ജൂൺ | SRG<br>Class Teacher | |
| കുട്ടി പീടിക | • ഗണിതം നിത്യജീവിതവുമായി ബന്ധപ്പെ ടുത്തുന്ന നിരവധി സന്ദർഭങ്ങൾ കുട്ടി കൾക്ക് കാണുവാനും കേൾക്കുവാനും മനസിലാക്കുവാനും അവസരം നൽ കുന്നു.<br>• ഗണിതപാട്ടുകൾ, കളികൾ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു. | ജൂൺ<br>ജൂലൈ | HM<br>Class Teacher<br>PTA | |

| | | | | |
|---|---|---|---|---|
| പഠനോപകരണ ശില്പ ശാല | • പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപക രണങ്ങളുടെ നിർമ്മാണം | ആവശ്യാനുസ രണം | HM<br>SRG<br>Class Teacher<br>PTA | PTA |
| ഗണിത പ്രതിഭകളെ കണ്ടെത്തൽ | • ഗണിത ക്വിസ് സംഘടിപ്പിക്കുന്നു | ആഗസ്റ്റ് / സെപ്റ്റംബർ | HM<br>SRG<br>Class Teacher<br>PTA | PTA |
| രൂപങ്ങൾ ചേർക്കാം | • ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ചിത്രം തയ്യാറാക്കൽ<br>• ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | സെപ്റ്റംബർ/ ഒക്ടോബർ | HM<br>SRG<br>Class Teacher<br>PTA | |
| പഠനമികവ് പ്രദർശനം ഗണിതമേള | • പാഠഭാഗങ്ങളുടെ ഭാഗമായി തയ്യാറാക്കിയ ജ്യാമിതീയ രൂപങ്ങൾ ചിത്രങ്ങൾ, ആൽബം ഇവയുടെ പ്രദർശനം | ഡിസംബർ / ജനുവരി | HM<br>SRG<br>Class Teacher<br>PTA | |

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപഠനം ലളി തവും രസകരവുമാകൽ | • ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രി കൾ ഒരുക്കൽ<br>• ലഘുപരീക്ഷണങ്ങൾ സംഘടിപ്പിക്കൽ<br>• ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ചിത്ര ങ്ങൾ, വാർത്തകൾ എന്നിവയുടെ പ്രദർശനം/ അവതരണം | വർഷം മുഴുവൻ ആവശ്യാനുസ രണം | HM<br>SRG<br>Class Teacher<br>PTA | |
| ഭൂപടമൊരുക്കാം<br>കേരളം, ഇന്ത്യ<br>സൂചിക പരിചയപ്പെടൽ | • ഭൂപട വായന<br>• ഭൂപട നിർമ്മാണം<br>• സൂചിക പരിചയപ്പെടൽ | വർഷത്തിൽ ഒരിക്കൽ | HM<br>SRG<br>Class Teacher | |
| ശാസ്ത്രോത്സവം | • പതിപ്പിച്ച ആൽബം ചാർട്ട്, പഠനോപകര ണങ്ങൾ, ലഘു പരീക്ഷണങ്ങൾ ഇവ യുടെ പ്രദർശനം, അവതരണം | ഡിസംബർ ജനുവരി | HM<br>SRG<br>Class Teacher<br>PTA | |